**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 416** **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എ കെ എം അഷ്റഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസ് നടത്തിപ്പിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് പ്രതിസന്ധി കാരണം ദീർഘദൂര ബസുകളിൽ യാത്രക്കാർ വളരെ കുറവായതിനാൽ വരുമാനം കുത്തനെ കുറഞ്ഞിരിക്കുകയാണ്. കൂടാതെ എ.സി. ബസുകളിൽ യാത്ര ചെയ്യുവാൻ യാത്രക്കാർ വിമുഖത പ്രകടിപ്പിക്കുന്നതിനാൽ നാമമാത്രമായ എ.സി. സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടും കർണ്ണാടകയും വിവിധ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ തമിഴ്നാട്ടിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ പൂർണ്ണമായും നിർത്തി വച്ചിരിക്കുകയാണ്. വളരെ പരിമിതമായ സർവ്വീസുകൾ മാത്രമേ കർണ്ണാടകത്തിലേയ്ക്കും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുള്ളൂ. 2020 ജനുവരി മാസത്തെ കണക്കനുസരിച്ച് (കോവിഡ് വ്യാപനം മൂലമുള്ള ലോക്ക്ഡൗണിന് മുൻപ്) ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള ദീർഘദൂര സർവ്വീസുകൾ പ്രതിദിനം ശരാശരി 7,07,699 കിലോമീറ്റർ സർവ്വീസ് നടത്തിയപ്പോൾ 2,94,37,647/- രൂപയാണ് പ്രതിദിനം ശരാശരി വരുമാനമായി ലഭിച്ചത്. ആയതിന്റെ പ്രതി കിലോമീറ്റർ (Earnings per Km.) ശരാശരി 41.60 രൂപയുമാണ്. ടി കാലയളവിൽ ദീർഘദൂര സർവ്വീസുകളിൽ വരുമാനത്തിന്റെ 40 ശതമാനത്തോളം പ്രസ്തുത സർവ്വീസുകളുടെ ഇന്ധനത്തിനായാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ 2021 ജൂലൈ മാസത്തെ കണക്കനുസരിച്ച് ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള ദീർഘദൂര സർവ്വീസുകൾ പ്രതിദിനം ശരാശരി 4,22,617.3 കിലോമീറ്ററാണ് സർവ്വീസ് നടത്തിയിരുന്നത്. 1,11,27,232/- രൂപയാണ് ശരാശരി വരുമാനമായി ലഭ്യമായത്. ആയതിന്റെ പ്രതി കിലോമീറ്റർ (Earnings per |

| | | | |
|---|---|---|---|
| | | | kilometer) ശരാശരി വരുമാനം 26.33 രൂപയുമാണ്. നിലവിൽ ദീർഘദൂര സർവ്വീസുകളിലെ വരുമാനത്തിന്റെ 85 ശതമാനത്തോളം പ്രസ്തുത സർവ്വീസുകളുടെ ഇന്ധനത്തിന് വേണ്ടി ചെലവാക്കേണ്ടതായി വരുന്നു. 2020 ജനുവരിയിൽ ശരാശരി 4425 ബസ്സുകൾ ഓടിയപ്പോൾ 1380 ബസ്സുകളാണ് ദീർഘദൂര സർവ്വീസായി ഓടിയിരുന്നത്. എന്നാൽ 2021 ജൂലൈ മാസത്തിലെ കണക്കനുസരിച്ച് ശരാശരി 3090 സർവ്വീസ് ഓപ്പറേറ്റ് ചെയ്യുമ്പോൾ 941 എണ്ണമാണ് ദീർഘദൂര സർവ്വീസുകളായി ഓപ്പറേറ്റ് ചെയ്തത്. ഇത് KSRTC-യ്ക്ക് വലിയ തോതിലുള്ള പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. |
| (ബി) | ഇത്തരം സർവ്വീസുകൾ സ്വകാര്യ മേഖലയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിലെ ദീർഘദൂര സർവ്വീസുകൾ സ്വകാര്യ മേഖലയെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല. |
| (സി) | ഈ നടപടി കെ.എസ്.ആർ.ടി.സി. യുടെ നിലനിൽപ്പിനെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിലെ ദീർഘദൂര സർവ്വീസുകൾ സ്വകാര്യ മേഖലയെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ